*Uncorrected/Not for publication*

*04-06-2026*
*Obituary reference*

<u>മി. സ്പീക്കർ</u>: ഓർഡർ....... ഓർഡർ.....

**ചരമോപചാരം**

<u>ഡൽഹിയിലെ ഹോട്ടലിലുണ്ടായ തീപിടിത്തം</u>

<u>മി. സ്പീക്കർ</u>: ഡൽഹിയിലെ മാളവ്യ നഗറിൽ പ്രവർത്തിച്ചിരുന്ന ഹോട്ടലിൽ ഉണ്ടായ വൻ തീപിടിത്തത്തിൽ പതിനൊന്ന് വിദേശികൾ ഉൾപ്പെടെ ഇരുപത്തിയൊന്ന് പേർ മരിച്ച സംഭവം അത്യന്തം ദുഃഖകരമാണ്. അഗ്നിസുരക്ഷാ സംവിധാനങ്ങളും ഫയർ എൻ.ഒ.സി.-യും ഇല്ലാതെ പ്രവർത്തിച്ച ഹോട്ടലിലാണ് ഈ ദുരന്തമുണ്ടായത്. മെഡിക്കൽ വിസയിൽ എത്തിയ വിദേശികളും ബന്ധുക്കളുമാണ് ഈ അപകടത്തിൽപ്പെട്ടത്. സമീപത്തെ വിവിധ ആശുപത്രികളിലായി ചികിത്സയിൽ കഴിയുന്നവർ വേഗത്തിൽ സുഖം പ്രാപിക്കട്ടെയെന്ന് പ്രാർഥിക്കുന്നു. മരണമടഞ്ഞവരുടെ ആത്മാവിന് നിത്യശാന്തി നേരുന്നു.

അന്തരിച്ച മഹത് വ്യക്തികളോടുള്ള ആദരസൂചകമായി നമുക്ക് അൽപസമയം എഴുന്നേറ്റുനിൽക്കാം

(പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)